ഉത്തരം

(എ & ബി) പത്താം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ഫിഷറീസ് റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി, പാറശ്ശാല നിയോജകമണ്ഡലത്തിലെ ചില റോഡ് പ്രവർത്തികൾ, ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച്, ഏറ്റെടുത്ത് നടത്താനാകുമോ എന്ന കാര്യം പരിശോധിച്ചു വരികയാണ്.

മത്സ്യമേഖലയിൽ റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി

23 (1930) ശ്രീ. പി. രാജു :
ശ്രീ. പി. നാരായണൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. സി. എൻ. ജയദേവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മത്സ്യമേഖലയിൽ ഒരു റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് രൂപീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സൊസൈറ്റിയുടെ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടന്നു വരുന്നണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 1997 ഫെബ്രുവരിയിൽ

(ബി) എറണാകുളം കേന്ദ്രമാക്കി സൊസൈറ്റിയുടെ ഓഫീസ് പ്രവർത്തനം ആരംഭിച്ചു. മത്സ്യ വിഭവ പരിപാലനവുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ നടത്തിവരുന്നു. ഇതിനുവേണ്ടി ലൈബ്രറി, കമ്പ്യൂട്ടർ സെന്റർ എന്നിവ സജ്ജമാക്കി. ട്രോളിംഗ് നിരോധനത്തിന്റെ അനന്തര ഫലങ്ങൾ, സംസ്ഥാന ഫിഷറീസ് വികസന മാസ്റ്റർ പ്ലാൻ, അക്വേറിയൻ റിഫാംസ് തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള പഠനങ്ങൾക്കായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മത്സ്യത്തൊഴിലാളി ക്ഷേമനിധി

24 (1931) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ബാലറാം :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് 31-5-1999-ലെ കണക്കനുസരിച്ച് എന്തുതുക പിരിഞ്ഞു കിട്ടാനുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫണ്ടിലേക്ക് അംശദായം ലഭിക്കേണ്ട ഏതെല്ലാം വിഭാഗത്തിൽ നിന്ന് എന്ത് തുക വീതം പിരിഞ്ഞുകിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ തുക പിരിച്ചെടുക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 22,67,25,000 രൂപ.

(ബി)

		രൂപ
1.	മത്സ്യത്തൊഴിലാളികൾ	1,69,43,600
2.	വഞ്ചി, വള്ളം, ബോട്ടുടമകൾ	1,45,62,900
3.	വ്യാപാരികൾ	19,50,51,400
4.	ചെമ്മീൻകെട്ട്/ഫിഷ് ഫാം ഉടമകൾ	1,67,100
	ആകെ	22,67,25,000

(സി) കക്ഷികളെ നേരിൽ ബന്ധപ്പെട്ടും കളക്ഷൻ ക്യാമ്പുകൾ നടത്തിയും റവന്യൂ റിക്കവറി നടപടികൾ മുഖേനയും തുക പിരിച്ചെടുക്കുന്നു.

മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി

25 (1932) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതിപ്രകാരം സഹായം സ്വീകരിച്ചിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ പ്രമാണങ്ങളും കൈവശരേഖകളും ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽ സൂക്ഷിച്ചിരിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രമാണങ്ങളും കൈവശരേഖകളും ഡിപ്പാർട്ടുമെന്റിൽ സൂക്ഷിക്കുന്നതു കാരണം മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പ്രമാണങ്ങൾ എത്രകൊല്ലം കഴിഞ്ഞ് മടക്കികൊടുക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ;

(ഡി) മറ്റൊരു ഭവനനിർമ്മാണ സഹായ പദ്ധതിയിലും ഇല്ലാത്ത ഈ രീതി ഉപേക്ഷിക്കാൻ സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly